| 03–02–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– 'സ്വദർശനചക്രധാരിയായി ഭവിയ്ക്കു' - നിങ്ങൾക്ക് പ്രകാശസ്തംഭമായി മാറണം, സ്വയം ആത്മാവാണെന്നു മനസ്സിലാക്കു, ഇതിൽ അശ്രദ്ധരാവരുത്.**

**ചോദ്യം–** നിങ്ങൾ വളരെ അത്ഭുതകരമായ വിദ്യാർത്ഥികളാണ്– എങ്ങനെ?
**ഉത്തരം–**നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലാണ് വസിക്കുന്നത്, ശരീരനിർവ്വഹണാർത്ഥം 8 മണിക്കൂർ ജോലിയും ചെയ്യുന്നു, അതിനോടൊപ്പം ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്കായി 8 മണിക്കൂർ ബാബയ്ക്ക് സമാനമാക്കി മാറ്റുന്നതിനുള്ള സേവനവും ചെയ്യുന്നു, എല്ലാം ചെയ്തുകൊണ്ടും ബാബയേയും വീടിനേയും ഓർമ്മിക്കുന്നു– ഇതുതന്നെയാണ് നിങ്ങളുടെ അത്ഭുതകരമായ വിദ്യാർത്ഥി ജീവിതം. ജ്ഞാനം വളരെ സഹജമാണ്, കേവലം പാവനമായി മാറേണ്ട പരിശ്രമമാണ് ചെയ്യേണ്ടത്.

**ഓംശാന്തി**. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ബാബ കുട്ടികളോട് ചോദിക്കുകയാണ്. മൂലവതനവും നമ്പർവാറായി തീർച്ചയായും ഓർമ്മയുണ്ടാകും. നമ്മൾ ആദ്യം ശാന്തിധാമത്തിൽ വസിക്കുന്നവരായിരുന്നു പിന്നീട് സുഖധാമത്തിലേയ്ക്ക് വരുന്നു എന്ന് തീർച്ചയായും ഉള്ളുകൊണ്ട് മനസ്സിലാക്കുന്നുണ്ടാകും. മൂലവതനം മുതൽ ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്നും ബുദ്ധിയിലുണ്ട്. ഈ സമയം നമ്മൾ ബ്രാഹ്മണനിൽ നിന്നും വീണ്ടും ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനായി മാറും. ഈ ചക്രം ബുദ്ധിയിൽ കറങ്ങിക്കൊണ്ടിരിക്കണം. കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ട്. ബാബ പറയുന്നു, മുമ്പ് ഇതൊന്നുമറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് മാത്രമേ അറിയുന്നുള്ളു. ദിനംപ്രതി ദിനം നിങ്ങളുടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. വളരെയധികം പേർക്ക് പഠിപ്പിച്ചുകൊടുത്തു കൊണ്ടിരിക്കും. തീർച്ചയായും നിങ്ങൾ തന്നെയാണ് ആദ്യം സ്വദർശന ചക്രധാരിയായി മാറുന്നത്. നിങ്ങൾ ഇവിടെ ഇരിക്കുന്നു, ബുദ്ധികൊണ്ട് അറിയാം ഇത് നമ്മുടെ അച്ഛനാണ്. ബാബ തന്നെയാണ് നമ്മെ പഠിപ്പിക്കുന്ന സുപ്രീം ടീച്ചർ. നമ്മൾ എങ്ങനെയാണ് 84 ജന്മങ്ങളുടെ ചക്രം കറങ്ങുന്നത് എന്ന് ബാബ തന്നെയാണ് മനസ്സിലാക്കിത്തന്നത്. ബുദ്ധിയിൽ തീർച്ചയായും ഓർമ്മയുണ്ടാകുമല്ലോ. ഇത് ബുദ്ധിയിൽ സദാ ഓർമ്മിക്കണം, പാഠം അത്ര വലുതൊന്നുമല്ല. സെക്കന്റിന്റെ പാഠമാണ്. നമ്മൾ എവിടെ വസിക്കുന്നവരാണ്, പിന്നീട് എങ്ങനെയാണ് ഇവിടേയ്ക്ക് പാർട്ട് അഭിനയിക്കാൻ വരുന്നത് ഇതെല്ലാം ബുദ്ധിയിൽ ഉണ്ട്. 84 ജന്മങ്ങളുടെ ചക്രമാണ്. സത്യയുഗത്തിൽ ഇത്ര ജന്മം, ത്രേതായുഗത്തിൽ ഇത്ര ജന്മം– ഈ ചക്രം ഓർമ്മയുണ്ടാകുമല്ലോ. തനിക്ക് എന്ത് പദവിയാണ് ലഭിച്ചത്, ഏത് പാർട്ടാണ് അഭിനയിച്ചത്, ഇതും തീർച്ചയായും ബുദ്ധിയിലുണ്ടാകും. അറിയാം നമ്മൾ ആദ്യം ഇരട്ടക്കിരീടധാരികളായിരുന്നു പിന്നീട് ഒറ്റക്കിരീടധാരിയായി മാറി. പിന്നീട് മുഴുവൻ രാജധാനിയും നഷ്ടപ്പെട്ടു, തമോപ്രധാനമായിത്തീർന്നു. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കണം അതിനാലാണ് സ്വദർശനചക്രധാരി എന്ന് പേരു തന്നെവെച്ചിരിക്കുന്നത്. ആത്മാവിന് ജ്ഞാനം ലഭിച്ചിട്ടുണ്ട്. ആത്മാവിന് ദർശനം ഉണ്ടായിട്ടുണ്ട്. നമ്മൾ ഇങ്ങനെ ഇങ്ങനെയെല്ലാമാണ് ചക്രം കറങ്ങിയതെന്ന് ആത്മാവിനറിയാം. ഇപ്പോൾ വീണ്ടും വീട്ടിലേയ്ക്ക് പോകണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വീട്ടിലെത്തിച്ചേരും. ഈ സമയത്ത് നിങ്ങൾക്ക് അന്തിമ സമയത്തെ അവസ്ഥയിൽ ഇരിക്കാൻ സാധിക്കില്ല. പുറത്തുള്ള അനേകം കാര്യങ്ങൾ ബുദ്ധിയിൽ വന്നുകൊണ്ടിരിക്കും. ആർക്കെല്ലാം എന്തെല്ലാം കാര്യങ്ങൾ ഓർമ്മ വരുന്നുണ്ടാകും. ഇവിടെ ബാബ പറയുന്നു മറ്റെല്ലാ കാര്യങ്ങളും മാറ്റിവെച്ച് ഒരാളെമാത്രം ഓർമ്മിക്കൂ. ശ്രീമതം ലഭിക്കുന്നുണ്ട് അതനുസരിച്ച് നടക്കണം. സ്വദർശന ചക്രധാരിയായി മാറി നിങ്ങൾക്ക് അന്ത്യംവരെ പുരുഷാർത്ഥം ചെയ്യണം. ആദ്യം ഒന്നും അറിയില്ലായിരുന്നു, ഇപ്പോൾ ബാബ എല്ലാം പറഞ്ഞുതരികയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ ബാക്കിയെല്ലാം ഓർമ്മവരും. രചയിതാവിനേയും രചനയുടെ ആദി– മദ്ധ്യ– അന്ത്യത്തിന്റെ മുഴുവൻ രഹസ്യങ്ങളും ബുദ്ധിയിൽ വരും. ഇവിടെ പാഠം ലഭിക്കുകയാണ്, അച്ഛനെ വീട്ടിലിരുന്നും ഓർമ്മിക്കാൻ സാധിക്കും. ഇതെല്ലാം ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾ അത്ഭുതകരമായ വിദ്യാർത്ഥികളാണ്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട്– 8 മണിക്കൂർ നന്നായി വിശ്രമിച്ചോളു, 8 മണിക്കൂർ ശരീരനിർവ്വഹണാർത്ഥം തീർച്ചയായും ജോലി ചെയ്യൂ. ലോകത്തിലെ കച്ചവടവും ചെയ്യണം. അതോടൊപ്പം തനിക്കു സമാനമാക്കി മാറ്റുന്ന ബാബ നൽകിയ ജോലിയും ചെയ്യണം, ഇതും ശരീരനിർവ്വഹണാർത്ഥം തന്നെയല്ലേ.അത് അല്പകാലത്തിലേക്കുള്ളതാണെങ്കിൽ ഇത് 21 ജന്മത്തിലെ ശരീരനിർവ്വഹണത്തിനായാണ്. ഡ്രാമയിൽ നിങ്ങൾക്കുള്ള പാർട്ടിനും മഹത്വം കൂടുന്നത് ഇതിന്റെ ആധാരത്തിലാണ്. ആര് എത്രത്തോളം പരിശ്രമിക്കുന്നോ അതിനനുസരിച്ച് പിന്നീട് ഭക്തിയിൽ അവർ പൂജിക്കപ്പെടുന്നു. ഈ മുഴുവൻ ധാരണയും നിങ്ങൾ കുട്ടികൾക്കുണ്ടാവണം.

നിങ്ങൾ കുട്ടികൾ പാർട്ട് ധാരികളാണ്. ബാബ ജ്ഞാനം നൽകുന്ന പാർട്ടുമാത്രം അഭിനയിക്കുന്നു. ബാക്കി ഉയർന്ന പദവിയ്ക്കായുള്ള പുരുഷാർത്ഥം നിങ്ങൾ ചെയ്യണം. ബാബയ്ക്കതു ചെയ്യേണ്ടതില്ലല്ലോ. ബാബ വരുന്നത് തന്നെ ഈ ലോകത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും എങ്ങനെ ആവർത്തിക്കുന്നു എന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരാനാണ്. ചക്രം എങ്ങനെയാണ് കറങ്ങുന്നത്. ഇക്കാര്യം മനസ്സിലാക്കിത്തരാൻ വേണ്ടി മാത്രമാണ് വരുന്നത്. യുക്തിപൂർവ്വം മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ബാബ പറഞ്ഞുതരുന്നു– കുട്ടികളേ, തെറ്റുകൾ ചെയ്യരുത്. സ്വദർശന ചക്രധാരി അതായത് ലൈറ്റ് ഹൗസാകണം. സ്വയം ആത്മാവാണെന്നു മനസ്സിലാക്കണം. ശരീരമില്ലാതെ ആത്മാവിന് പാർട്ട് അഭിനയിക്കാൻ കഴിയില്ലെന്ന് അറിയില്ലേ. മനുഷ്യർക്ക് ഇതൊന്നും തന്നെ അറിയില്ല. നിങ്ങളുടെ അടുത്തേയ്ക്കു വരുന്നുണ്ടെങ്കിലും നല്ലതാണ് എന്നു പറയുന്നുണ്ടെങ്കിലും സ്വദർശന ചക്രധാരിയാകാൻ കഴിയുന്നില്ല, അതിന് വളരെ അധികം അഭ്യാസം ചെയ്യേണ്ടതുണ്ട്. പിന്നീട് നിങ്ങൾ എവിടെ ചെന്നാലും മാസ്റ്റർ ജ്ഞാനസാഗരനാകാൻ സാധിക്കും എങ്ങനെയാണോ വിദ്യാർത്ഥികൾ പഠിച്ച് ടീച്ചറാകുന്നത് ശേഷം കോളേജിൽ പഠിപ്പിക്കുന്നത് പിന്നീട് ആ ജോലിയിൽ മുഴുകുന്നത് അതുപോലെ നിങ്ങളുടെ ജോലിതന്നെ ടീച്ചറാവുക എന്നതാണ്. എല്ലാവരേയും സ്വദർശന ചക്രധാരിയാക്കണം. ഇരട്ടക്കിരീടധാരികളായ രാജാക്കന്മാരുടേയും ഒറ്റക്കിരീടധാരികളായ രാജാക്കന്മാരുടേയും ചിത്രങ്ങൾ കുട്ടികൾ നിർമ്മിച്ചു, അവ ശരിതന്നെയാണ്, എന്നാൽ ഏത് സമയം മുതൽ എപ്പോൾവരെയാണ് ഇരട്ടക്കിരീടധാരികളായിരുന്നത്? ഏതുസമയം മുതൽ എപ്പോൾവരെ ഒറ്റ കിരീടധാരികളായത്? പിന്നീട് എപ്പോൾ എങ്ങനെ രാജ്യം നഷ്ടപ്പെട്ടു? ആ തിയ്യതി എഴുതണം. ഇത് പരിധിയില്ലാത്ത വലിയ നാടകമാണ്. നാം വീണ്ടും ദേവതയാകും എന്നത് ഉറപ്പാണ്. ഇപ്പോൾ ബ്രാഹ്മണരാണ്. ബ്രാഹ്മണർ സംഗമയുഗത്തിലേതാണ്. ഈ കാര്യം നിങ്ങൾ പറയുന്നതുവരെ ആരും അറിയുന്നില്ല. ഇത് നിങ്ങളുടെ അലൗകിക ജന്മമാണ്. ലൗകികത്തിലും പാരലൗകികത്തിലും സമ്പത്ത് ലഭിക്കുന്നു. ബ്രഹ്മാ വിൽ നിന്ന് സമ്പത്ത് ലഭിക്കുകയില്ല. ബ്രഹ്മാവിലൂടെ ശിവബാബയാണ് നിങ്ങൾക്ക് സമ്പത്ത് നൽകുന്നത്. അല്ലയോ പ്രഭോ എന്നാണ് വിളിക്കുന്നത്. അല്ലയോ പ്രജാപിതാബ്രഹ്മാവേ എന്ന് ഒരിയ്ക്കലും വിളിക്കുന്നില്ല. ലൗകിക പിതാവിനേയും പാരലൗകിക പിതാവിനേയുമാണ് ഓർമ്മിക്കുന്നത്. ഈ കാര്യങ്ങൾ ആർക്കും അറിയില്ല, നിങ്ങൾ മാത്രമാണ് അറിയുന്നത്. പാരലൗകിക പിതാവിൽ നിന്ന് ലഭിക്കുന്നത് അവിനാശീ സമ്പത്തും ലൗകിക പിതാവിൽ നിന്ന് ലഭിക്കുന്നത് വിനാശിയായ സമ്പത്തുമാണ്. ഒരു രാജാവിന്റെ സന്താനത്തിന് 5 കോടി സമ്പത്ത് ലഭിക്കുന്നു എങ്കിലും പരിധിയില്ലാത്ത അച്ഛനിൽ നിന്നും ലഭിക്കുന്ന സമ്പത്തുമായി താരതമ്യം ചെയ്യുമ്പോൾ ഇത് അവിനാശീ സമ്പത്താണ് എന്നാൽ അതെല്ലാം നശിക്കാൻ പോകുന്നതാണ്. ഇന്ന് ആരാണോ കോടിപതികളായിരിക്കുന്നത് അവരെ മായ പിടികൂടിയിരിക്കുകയാണ്, അവർ വരുകയേയില്ല. അച്ഛൻ ഏഴകളുടെ തോഴനാണ്. ഭാരതം വളരെ ദരിദ്രമാണ്, ഭാരതത്തിലെ മനുഷ്യരും വളരെ ദരിദ്രരാണ്. ഇപ്പോൾ നിങ്ങൾ വളരെയധികം പേരുടെ മംഗളത്തിനായുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. അസുഖം വരുമ്പോൾ സാധാരണയായി ആളുകളിൽ വൈരാഗ്യം ഉണ്ടാകാറുണ്ട്. ജീവിച്ചിട്ട് എന്താണ് പ്രയോജനം എന്ന് ചിന്തിക്കും. മുക്തിധാമത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി ലഭിച്ചാൽ മതിയായിരുന്നു എന്നു കരുതും. ദുഃഖത്തിൽ നിന്നും രക്ഷപ്പെടുന്നതിന് മുക്തി യാചിക്കുന്നു. സത്യയുഗത്തിൽ ചോദിക്കുകയില്ല എന്തെന്നാൽ അവിടെ ദുഃഖമില്ല. ഈ കാര്യങ്ങൾ ഇപ്പോഴാണ് നിങ്ങൾ മനസ്സിലാക്കുന്നത്. ബാബയുടെ കുട്ടികളുടെ വൃദ്ധി ഉണ്ടാകുന്നു. ആരാണോ സൂര്യവംശീ– ചന്ദ്രവംശീ ദേവതയായി മാറുന്നത് അവരാണ് വന്ന് നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ജ്ഞാനമെടുക്കുന്നത്. ഈ ജ്ഞാനം ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെ വിട്ട് എവിടേയ്ക്കും പോകാൻ കഴിയില്ല, ആർക്കാണോ ബാബയോട് സ്നേഹമുള്ളത് അവർ മനസ്സിലാക്കും ജ്ഞാനം വളരെ സഹജമാണ്, ബാക്കി പാവനമായി മാറുന്നതിലാണ് മായ വിഘ്നങ്ങളിടുന്നത്. ഏതെങ്കിലും കാര്യത്തിൽ അശ്രദ്ധരായാൽ ആ അശ്രദ്ധ കാരണത്താലാണ് തോറ്റുപോകുന്നത്. ഇതിനുള്ള നല്ല ഉദാഹരണമാണ് ബോക്സിംഗ്(മല്ലയുദ്ധം). ബോക്സിംഗിൽ ഒരാൾ മറ്റൊരാളുടെമേൽ വിജയം നേടുന്നു. കുട്ടികൾക്ക് അറിയാം മായയാണ് നമ്മെ തോൽപ്പിക്കുന്നത്.

ബാബ പറയുന്നു– മധുരമായ കുട്ടികളേ, സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. ഇതിൽ പരിശ്രമമുണ്ട്. ബാബ സഹജമായ യുക്തികൾ പറഞ്ഞുതരികയാണ്. നമ്മൾ ആത്മാക്കളാണ്, ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കും, പാർട്ട് അഭിനയിക്കുകയാണ്, പരിധിയില്ലാത്ത അച്ഛന്റെ മക്കളാണ് ഇതെല്ലാം നല്ലരീതിയിൽ പക്കയാക്കണം. മായ ഇവരുടെ ബുദ്ധിയോഗത്തെ മുറിക്കുന്നു– എന്നത് ബാബയ്ക്ക് അനുഭവമാകുന്നു. നമ്പർവൈസ് തന്നെയാണ്, ഇതിന്റെ ആധാരത്തിലാണ് രാജധാനി സ്ഥാപിക്കപ്പെടുന്നത്. എല്ലാവരും ഏകരസമാണെങ്കിൽ രാജധാനിയുണ്ടാക്കാൻ സാധിക്കില്ല. രാജാവ്, റാണി, പ്രജ, ധനികൻ എല്ലാവരും വേണം. ഈ കാര്യങ്ങൾ നിങ്ങളല്ലാതെ മറ്റാരും മനസ്സിലാക്കുന്നില്ല. നമ്മൾ നമ്മുടെ രാജധാനി

സ്ഥാപിക്കുകയാണ്. നിങ്ങളിലും വിരളം ചില അനന്യരായ കുട്ടികൾക്കേ ഈ കാര്യങ്ങൾ മുഴുവൻ ഓർമ്മ നിൽക്കുന്നുള്ളു. ഈ കാര്യങ്ങൾ ഒരിയ്ക്കലും മറക്കരുത്. നമ്മൾ മറന്നുപോകുന്നുണ്ട് എന്നത് കുട്ടികൾക്ക് അറിയാം. ഇല്ലെങ്കിൽ നമ്മൾ വിശ്വത്തിന്റെ അധികാരിയാകാൻ പോവുകയാണ് എന്ന് ചിന്തിച്ച് വളരെ അധികം സന്തോഷിക്കണം. പുരുഷാർത്ഥത്തിലൂടെ മാത്രമേ ആയിത്തീരൂ, കേവലം പറയുന്നതുകൊണ്ട് ആവില്ല. ബാബ വരുമ്പോൾ തന്നെ ചോദിക്കുന്നുണ്ട്– കുട്ടികളേ ശ്രദ്ധിക്കൂ, സ്വദർശന ചക്രധാരിയായാണോ ഇരിക്കുന്നത്? ഈ ശരീരത്തിൽ വന്നു പ്രവേശിക്കുന്ന ബാബയും സ്വദർശന ചക്രധാരിയാണല്ലോ. മനുഷ്യർ കരുതുന്നത് വിഷ്ണുവാണ് സ്വദർശന ചക്രധാരി എന്നാണ്. അവർക്ക് ഇത് ലക്ഷ്മീ നാരായണന്മാരാണ് എന്നത് പോലും അറിയുകയില്ല! ഇവർക്ക് ജ്ഞാനം നൽകിയത് ആരാണ്? ഈ ജ്ഞാനത്തിലൂടെയാണ് ഇവർക്ക് ഈ പദവി ലഭിച്ചത്. സ്വദർശന ചക്രത്താൽ വധിക്കുന്നതായി കാണിക്കുന്നു. നിങ്ങൾക്ക് ഈ ചിത്രം നിർമ്മിച്ചവരെക്കുറിച്ച് ഓർക്കുമ്പോൾ ചിരി വരുന്നു. കമ്പൈൻഡ് ഗൃഹസ്ഥാശ്രമത്തിന്റെ അടയാളമാണ് വിഷ്ണു. ചിത്രം നല്ലതാണ് എന്നാൽ ഈ ചിത്രത്തിൽ ശരിയൊന്നുമില്ല. ആദ്യം നിങ്ങൾക്ക് അറിയില്ലായിരുന്നു. 4 ഭുജങ്ങളുള്ളവർ എങ്ങനെ വന്നു? ഈ മുഴുവൻ കാര്യങ്ങളും നിങ്ങൾ നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ബാബ പറയുന്നു എല്ലാത്തിന്റേയും ആധാരം നിങ്ങളുടെ പുരുഷാർത്ഥമാണ്. ബാബയുടെ ഓർമ്മയിലൂടെ മാത്രമാണ് പാപം ഇല്ലാതാകുന്നത്. ഏറ്റവും കൂടുതൽ വേണ്ടതും ഈ പുരുഷാർത്ഥമാണ്. സമയം ബാബ നൽകിയിട്ടുണ്ട്. ഗൃഹസ്ഥത്തിൽ വസിക്കുകയും വേണം. ഇല്ലെങ്കിൽ നിങ്ങളുടെ കുട്ടികളെ ആരു സംരക്ഷിക്കും. ഇതെല്ലാം ചെയ്തുകൊണ്ടും അഭ്യാസം ചെയ്യണം. മറ്റൊരു കാര്യവുമില്ല. അകാസുരൻ, ഭകാസുരൻ മുതലായവരെ കൃഷ്ണൻ സ്വദർശന ചക്രത്താൽ വധിച്ചതായി കാണിച്ചിരിക്കുന്നു. ഇപ്പോൾ ഇത് നിങ്ങൾക്ക് മനസ്സിലായി. ബാക്കി ചക്രത്തിന്റെ കാര്യമേയില്ല. എത്രത്തോളം വ്യത്യാസമുണ്ട്. ഈ കാര്യം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. മനുഷ്യനാൽ മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയില്ല. മനുഷ്യന് മനുഷ്യരുടെ സദ്ഗതി ചെയ്യാനും കഴിയില്ല. രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യം ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ കഴിയില്ല. സ്വദർശന ചക്രത്തിന്റെ അർത്ഥം എന്താണ് എന്നതുപോലും ബാബയാണ് ഇപ്പോൾ മനസ്സിലാക്കിത്തന്നത്. ശാസ്ത്രങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന കഥകളെ കുറിച്ച് ചോദിക്കുകയേ വേണ്ട. കൃഷ്ണനെപ്പോലും ഹിംസകനാക്കിത്തീർത്തു. ഇതിനെക്കുറിച്ച് ഏകാന്തതയിൽ വിചാരസാഗര മഥനം ചെയ്യേണ്ടതുണ്ട്. രാത്രികാലങ്ങളിൽ കാവൽ നിൽക്കുന്ന കുട്ടികൾക്ക് വളരെ നല്ല സമയം ലഭിക്കും. അവർക്ക് വളരേ അധികം ഓർമ്മിക്കാൻ കഴിയും. അച്ഛനെ ഓർമ്മിച്ചുകൊണ്ടും സ്വദർശന ചക്രത്തെ കറക്കിക്കൊണ്ടുമിരിക്കൂ. ഓർമ്മിക്കുന്ന സന്തോഷത്തിൽ ഉറക്കം പോലും വിട്ടുപോകും. ആർക്കാണോ ധനം ലഭിക്കുന്നത് അവർ വളരെ സന്തോഷത്തിലിരിക്കും. അവർ ഒരിയ്ക്കലും ഉറക്കം തൂങ്ങില്ല അഥവാ ക്ഷീണിതരാകില്ല. നിങ്ങൾക്ക് അറിയാം നമ്മൾ സദാ ആരോഗ്യശാലിയും സദാ സമ്പന്നനുമാവുകയാണ്. അതിനാൽ ഇക്കാര്യത്തിൽ വളരെ നല്ലരീതിയിൽത്തന്നെ മുഴുകണം. ഡ്രാമ അനുസരിച്ച് സംഭവിക്കുന്നതെല്ലാം നല്ലതുതന്നെയാണെന്ന് ബാബയ്ക്കറിയാം. എന്നാലും പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ ബാബ പഠിപ്പ് നൽകുന്നു. ജ്ഞാനവും യോഗവും ഇല്ലാത്ത ധാരാളം പേരുണ്ട്. ഏതെങ്കിലും ബുദ്ധിവാന്മാരോ വിദ്വാന്മാരോ വന്നാൽ അവരോട് സംസാരിക്കാൻ കഴിയുന്നില്ല. സർവ്വീസബിളായിട്ടുള്ള കുട്ടികൾക്ക് അറിയാം നമ്മളിൽ ആരെല്ലാമാണ് പറഞ്ഞുകൊടുക്കാൻ നല്ലത്. പിന്നെ ബാബയും കാണുന്നു, പഠിപ്പും വിവരവുമുള്ള ഉയർന്ന വ്യക്തിയാണ് വന്നിരിക്കുന്നത് എന്നാൽ മനസ്സിലാക്കിക്കൊടുക്കുന്ന ആൾ ബുദ്ധു ആണെങ്കിൽ സ്വയം പ്രവേശിച്ച് അയാളെ ഉയർത്തും. അതിനാൽ നല്ല കുട്ടികൾ പറയും ബാബ എന്നിലൂടെ അവർക്ക് പറഞ്ഞുകൊടുത്ത അത്രയും ജ്ഞാനം എന്നിൽ ഇല്ലായിരുന്നു. ചിലർക്കാണെങ്കിൽ ഞാനാണ് പറഞ്ഞുകൊടുത്തത് എന്ന അഹങ്കാരം വരും. ബാബ വരുന്നതും സഹായിക്കുന്നതുമായ പാർട്ട് ഡ്രാമയിൽ ഉൾപ്പെട്ടിരിക്കുന്നു. ഡ്രാമ വളരെ വിചിത്രമാണ്. അത് മനസ്സിലാക്കണമെങ്കിൽ വളരെ വിശാലമായ ബുദ്ധി വേണം.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ സത്യയുഗീ രാജധാനിയുടെ സ്ഥാപന ചെയ്യുകയാണ്. അവിടെ നമ്മൾ സതോപ്രധാനരായിരുന്നു, തമോപ്രധാനമായവരാരും തന്നെ ഉണ്ടായിരുന്നില്ല. സതോപ്രധാനതയുടെയും തമോപ്രധാനതയുടെയും രണ്ടു ചിത്രങ്ങൾ ഉണ്ടാക്കി വെക്കൂ. 63 ജന്മം കാമചിതയിലിരുന്ന് ഇത്രയും കറുത്തവരായിത്തീർന്നു. ആത്മാവുതന്നെയാണ് ഇങ്ങനെയായത്. ലക്ഷ്മീ നാരായണന്മാരുടേയും കറുത്ത ചിത്രം ഉണ്ടാക്കിയിരിക്കുന്നു. ആത്മാവാണ് കറുത്തതായി മാറുന്നതെന്ന് മനസ്സിലാക്കുന്നില്ല. ലക്ഷ്മി–നാരായണന്മാർ സത്യയുഗത്തിന്റെ ഉടമസ്ഥരും സതോപ്രധാനരുമായിരുന്നു. പിന്നീട് കാമചിതയിൽ ഇരുന്ന് കറുത്തുപോയി. ആത്മാവ് പുനർ ജന്മങ്ങളിലൂടെ തമോപ്രധാനമാകുന്നു. അപ്പോൾ ആത്മാവും കറുത്തത് ശരീരവും കറുത്തതാകുന്നു. അതിനാൽ നിങ്ങൾക്ക് തമാശയോടെ ചോദിക്കാം ലക്ഷ്മീ നാരായണന്മാരെ ചില ഭാഗത്ത് കറുത്തതായും ചില ഭാഗത്ത് വെളുത്തതായും കാണിച്ചിരിക്കുന്നു, കാരണമെന്ത്? ജ്ഞാനമില്ല.

കൃഷ്ണനെ തന്നെ വെളുത്തതായും കറുത്തതായും നിർമ്മിക്കുന്നതെന്തുകൊണ്ട്? ഈ കാര്യം നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായി. നിങ്ങൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. സന്തോഷത്താൽ സമ്പന്നരാകുന്നതിനായി ഏകാന്തതയിലിരുന്ന് ലഭിച്ച ജ്ഞാന ധനത്തെ സ്മരിക്കണം. പാവനം അഥവാ സദാ നിരോഗിയാകുന്നതിന് ഓർമ്മയിലിരിക്കുവാൻ പ്രയത്നിക്കണം.

2. ബാബയ്ക്കു സമാനം മാസ്റ്റർ ജ്ഞാനസാഗരനായി സർവ്വരേയും സ്വദർശന ചക്രധാരികളാക്കണം. ലൈറ്റ്ഹൗസ്(പ്രകാശസ്തംഭം) ആയിത്തീരണം. ഭാവിയിലെ 21 ജന്മത്തേക്കുള്ള ശരീരനിർവ്വഹണത്തിനായി തീർച്ചയായും ആത്മീയ ടീച്ചറാകണം.

## വരദാനം:- ത്രികാലദർശി സ്ഥിതിയിലൂടെ മൂന്ന് കാലങ്ങളെയും സ്പഷ്ടമായി അനുഭവം ചെയ്യുന്ന മാസ്റ്റർ നോളേജ്ഫുള്ളായി ഭവിക്കട്ടെ.

ത്രികാലദർശി സ്ഥിതിയിലിരിക്കുന്നവർക്ക് ഒരു സെക്കന്റിൽ മൂന്ന് കാലങ്ങളെയും സ്പഷ്ടമായി കാണാൻ സാധിക്കുന്നു. ഇന്നലെ എന്തായിരുന്നു, ഇന്നെന്താണ്, നാളെയെന്താകും - ഇവ അവരുടെ മുന്നിൽ എല്ലാം സ്പഷ്ടമായിരിക്കും. ഏതെങ്കിലും പ്രദേശത്ത് ഒരു ഉയർന്ന പോയന്റിൽ നിന്നുകൊണ്ട് മുഴുവൻ പട്ടണത്തെയും കാണുമ്പോൾ രസം തോന്നും, അതേപോലെ സംഗമയുഗം ഉയർന്ന പോയന്റാണ് , ഇവിടെ നിന്നുകൊണ്ട് മൂന്ന് കാലങ്ങളെയും നോക്കൂ, മാത്രമല്ല ഉറപ്പിച്ച് പറയൂ, ഞങ്ങൾ തന്നെയായിരുന്നു ദേവതകൾ, ഇനി വീണ്ടും ഞങ്ങൾ തന്നെയാകും, ഇതിനെ പറയാം മാസ്റ്റർ നോളേജ്ഫുൾ.

## സ്ലോഗൻ:- ഓരോ സമയവും അന്തിമസമയമാണ്, ഈ സ്മൃതിയിൽ എവർ റെഡിയാകൂ.